(എ) ബിവറേജസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യ കമ്പനികളുടെ എത്ര ഇനം മദ്യത്തിന്റെ വില കമ്പനികൾ കുറയ്ക്കുകയുണ്ടായിട്ടുണ്ട് ;

(ബി) ഏതെല്ലാം കമ്പനികളുടെ ഏതെല്ലാം ഇനം മദ്യത്തിന്റെ എത്ര ശതമാനം വീതം കുറവ് വരുത്തുകയുണ്ടായിട്ടുണ്ട് ;

(സി) ബിവറേജസ് കോർപ്പറേഷൻ വിലകുറച്ച് ടെണ്ടർ സമർപ്പിക്കാൻ ആവശ്യപ്പെട്ടത് ഏറ്റവും ഒടുവിൽ ഏത് തീയതിയിലായിരുന്നു ; അതനുസരിച്ച് ഏതെല്ലാം കമ്പനികളുടെ വില കുറവിന് കോർപ്പറേഷൻ അംഗീകാരം നല്കുകയുണ്ടായി ; വിശദമാക്കാമോ ;

(ഡി) ടെണ്ടറിൽ ആദ്യം ക്വാട്ട് ചെയ്ത ഇനവും പിന്നീട് ക്വാട്ട് ചെയ്ത കുറഞ്ഞ വിലയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) 2014-15 ഒക്ടോബർ 1-ാം തീയതി പ്രാബല്യത്തിൽ വന്ന റേറ്റ് കോൺട്രാക്ട് പ്രകാരം 19 ഇന്ത്യൻ നിർമ്മിത വിദേശ കമ്പനികളുടെ 130 ഇനം (ബ്രാന്റ് & പാക്ക്) മദ്യത്തിന്റെ വില 2013-14-ലെ വിലയേക്കാൾ കമ്പനികൾ കുറച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ബിവറേജസ് കോർപ്പറേഷൻ വില കുറച്ച് ടെണ്ടർ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടില്ല. ബിവറേജസ് കോർപ്പറേഷൻ ക്ഷണിച്ച 2014-15-ലെ കോൺട്രാക്ട് പ്രകാരം 19 കമ്പനികൾ സ്വമേധയാ വില കുറച്ച് ഓഫറുകൾ സമർപ്പിക്കുകയും, ആയത് കോർപ്പറേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ടെണ്ടറിൽ ആദ്യം ക്വാട്ട് ചെയ്യുകയും സ്വീകരിക്കുകയും ചെയ്ത ഇനമാണ് ടെണ്ടർ കാലാവധി മുഴുവൻ നിലനിൽക്കുന്നത്. പിന്നീട് കുറഞ്ഞ വില ക്വാട്ട് ചെയ്യാൻ കമ്പനികളോട് ആവശ്യപ്പെടാറില്ല.

ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഓഫീസ്

117 (118) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ താലൂക്ക് പ്രവർത്തനം ആരംഭിച്ച് ഒരു വർഷം പിന്നിട്ട സാഹചര്യത്തിൽ ചാലക്കുടി താലൂക്ക് കേന്ദ്രീകരിച്ച് എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനം, തോട്ടം മേഖലകൾ ഉൾപ്പെടുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയിഞ്ചാഫീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) എക്സൈസിൽ ക്രൈം ബ്രാഞ്ച് വിംഗ് രൂപീകരിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ചാലക്കുടി താലൂക്ക് കേന്ദ്രീകരിച്ച് എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയ്ഞ്ചാഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശകളൊന്നും ഇപ്പോൾ നിലവിലില്ല.

(സി) എക്സൈസിൽ ക്രൈം ബ്രാഞ്ച് വിംഗ് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

മദ്യവർജ്ജനത്തെ സംബന്ധിച്ച നിലപാട്

118 (119) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കേരള മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ചാരായ നിരോധനം കൊണ്ടുവന്നത് മദ്യ ഉപഭോഗവും മദ്യാസക്തിയും കുറയ്ക്കുന്നതിനായിരുന്നു എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നാണല്ലോ കരുതിയിരുന്നത്. എന്നാൽ ആയത് പ്രായോഗികമായി വന്നില്ല എന്നാൽ കേരളത്തിൽ മദ്യാസക്തിയും ഉപഭോഗവും കൂടിയതല്ലാതെ കുറഞ്ഞിട്ടില്ല ആയത് UDF-ന്റെ തെറ്റായ നയമാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇപ്പോഴുള്ള UDF സർക്കാരിന്റെ നയം വ്യക്തമാക്കുമോ ;

(ബി) നിലവിലെ നയത്തിലൂടെ ബാർ നിരോധനമാണോ അതോ മദ്യ നിരോധനമാണോ ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) മദ്യവർജ്ജനത്തെ സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ബാറുകൾ മാത്രം നിരോധിച്ചുകൊണ്ടുള്ള ഒരു മദ്യ നിരോധനമല്ല സർക്കാർ ഉദ്ദേശിക്കുന്നത്. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യരഹിത കേരളം എന്ന

LIBRARY ARCHIVES Kerala Legislative Assembly